ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 31-1-2011-വരെ മുഖ്യമന്ത്രിയുൾപ്പെടെ സംസ്ഥാന മന്ത്രിമാർക്കായി വിദേശയാത്രാക്കൂലി ഉൾപ്പെടെ വിമാനയാത്രാക്കൂലി ഇനത്തിൽ 1,97,20,680 രൂപ (ഒരു കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി അറുന്നൂറ്റി എൺപത് രൂപാ മാത്രം) പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പിൽനിന്നും ചെലവായിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്ക് അനുവദനീയമായ അലവൻസുകൾ

9 (10) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഓരോ മന്ത്രിമാരും ടി.എ., ഡി.എ., വിദേശപര്യടനകാലത്ത് എന്റർടെയിൻമെന്റ് അലവൻസ്, മറ്റനുവദനീയമായ അലവൻസുകൾ എന്നിവയുൾപ്പെടെ എത്ര തുക വാങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരും അവരുടെ ഓരോരുത്തരുടേയും കുടുംബാംഗങ്ങളും മെഡിക്കൽ ട്രീറ്റ്മെന്റ് ഇനത്തിൽ എന്ത് തുകവീതം വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഓരോ മന്ത്രിമാരും 31-1-2011-വരെ കൈപ്പറ്റിയ ടി.എ., ഡി.എ., വിവരം അനുബന്ധമായി-1-ൽ ചേർത്തിരിക്കുന്നു.* വിദേശപര്യടനകാലത്ത് എന്റർടെയിൻമെന്റ് അലവൻസ്, മറ്റനുവദനീയമായ അലവൻസുകൾ എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉത്തരം അനുബന്ധം-2-ൽ ചേർത്തിരിക്കുന്നു.*

പ്രതിപക്ഷ നേതാവിന് ടെലിഫോൺ ബിൽ ഇനത്തിൽ ചെലവായ തുക

10 (11) ശ്രീ. കെ. കുഞ്ഞമ്മത് മസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് ടെലിഫോൺ ബിൽ ഇനത്തിൽ ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഓഫീസ്, വസതി എന്നിവയിലെ ലാൻഡ് ഫോൺ മൊബൈൽ ഫോൺ എന്നിവ വേർതിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് ടെലഫോൺ ചാർജ്ജിനത്തിൽ 9,88,042 രൂപ (ഒൻപത് ലക്ഷത്തി എൺപത്തി യെട്ടായിരത്തി നാൽപ്പത്തിരണ്ട് രൂപ മാത്രം) ചെലവായി.

(ബി) 4,83,857 രൂപ (നാലു ലക്ഷത്തി എൺപത്തി മൂവായിരത്തി എണ്ണൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) ഓഫീസിലെ ലാൻഡ് ഫോൺ ചാർജ്ജും 5,04,185 രൂപ (അഞ്ച് ലക്ഷത്തി നാലായിരത്തി ഒരുന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) വസതിയിലെ ലാൻഡ് ഫോൺ ചാർജ്ജിനത്തിലുമാണ്. മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ തുകയൊന്നും ചെലവായിട്ടില്ല.

പ്രതിപക്ഷ നേതാവ് ടി.എ., ഡി.എ. ഇനത്തിൽ ചെലവഴിച്ച തുക

11 (12) കെ. കുഞ്ഞമ്മത് മസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവ് ടി.എ., ഡി.എ. ഇനത്തിൽ എത്രതുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ സംസ്ഥാനത്തിനകത്തും പുറത്തും യാത്ര ചെയ്തതിന്റെ തുക പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹു: പ്രതിപക്ഷ നേതാവ് ടി.എ., ഡി.എ. ഇനത്തിൽ 26-12-2010-വരെ 19,00,336 (പത്തൊൻപത് ലക്ഷത്തി മുന്നൂറ്റി മുപ്പത്തിആറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിൽ സംസ്ഥാനത്തിനകത്ത് യാത്ര ചെയ്തതിന് 18,31,049 (പതിനെട്ടു ലക്ഷത്തി മുപ്പത്തൊന്നായിരത്തി നാല്പ്പത്തി ഒമ്പത് രൂപ മാത്രം) രൂപയും സംസ്ഥാനത്തിന് പുറത്ത് യാത്രചെയ്തതിന് 69,287 (അറുപത്തൊൻപതിനായിരത്തി ഇരുന്നൂറ്റി എൺപത്തി ഏഴ് രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവിന്റെ വിമാനയാത്രാ ചെലവ്

12 (13) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രതിപക്ഷ നേതാവ് വിമാനയാത്ര ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ വിദേശത്തും സംസ്ഥാനത്തിനകത്തും പുറത്തും യാത്രചെയ്ത വകയിലുള്ളതിന്റെ ചെലവിന്റെ വിശദാംശം പ്രത്യേകം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് വിമാനയാത്രക്കായി 31-1-2011-വരെ 12,57,285 (പന്ത്രണ്ട് ലക്ഷത്തി അമ്പത്തേഴായിരത്തി ഇരുന്നൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly